
VISION
e magazine
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
St Raphael's HSS Ezhupunna

**കുട്ടുകാരെ,**

ഇന്നത്തെ ക്ലാസ്റൂമുകൾ നമ്മുടെ മുൻമ്പിൽ
തുറക്കുന്നത് മഹാവിസ്മയങ്ങളാണ്.
ഏതു സാങ്കേതിക വിദ്യകളും നമ്മുടെ വിരൽ
ത്തുമ്പിൽ എത്തിക്കുകയാണ് ഇന്നത്തെ
നമ്മുടെ ക്ലാസ്റൂമുകൾ.വളർന്നു
വരുന്ന ചെടികളാണ് മുകുളങ്ങളെങ്കിൽ
അവയ്ക്കു തുല്യരാണ് നമ്മളും വളർന്നുവരുന്ന പുതുതലമുറയാണ്
നമ്മൾ.നമ്മൾ നല്ല കാഴ്ച്ചപ്പാടുള്ളവർ ആകണം.
ഇന്ന് ചെറിയ മുകുളങ്ങളാണ് എന്നാൽ
അവർ നാളത്തെ വൃക്ഷങ്ങളാണ്.ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ
മാഗസ്സിൻ "VISION"
എന്ന പേരിൽ ഞങ്ങൾ അവതരിപ്പിക്കുന്നു.

നന്ദി.



ARJUN MANOHAR

STUDENT EDITOR

# ആശംസകൾ



***മാനേജർ***

***റവ. ഫാദർ ജസ്റ്റിൻ കൈപ്രമ്പാടൻ***

"പട്ടം പറന്ന് പറന്ന് എവിടെയോ

അപ്രത്യക്ഷമാകുന്നു.

നമ്മളൊക്കെ അങ്ങനെ എവിടെയോ...

നൂലാണ് പ്രധാനപ്പെട്ടത്

കാറ്റാണ് പ്രധാനപ്പെട്ടത്

നൂലുള്ള കരങ്ങളാണ് പ്രധാനപ്പെട്ടത്.

പ്രധാനപ്പെട്ടത് തിരിച്ചറിയാനുള്ള

കൃപനല്കണമേ നാഥാ.

Little kites – ന് ഭാവുകങ്ങൾ."

# ആശംസകൾ



ആധുനിക ശാസ്ത്ര സാങ്കേതിക ലോകത്ത് കംമ്പ്യൂട്ടറിന്റെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾക്ക് ഏവർക്കും അറിയാമല്ലോ. നമ്മുടെ സ്കൂളിലെ ഒമ്പതാം ക്ലാസിലെ കുട്ടികൾ അണിനിരക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ നടന്നുവരുന്ന സംരംഭത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാമല്ലോ. അവർ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാഗസിൻ വിജയത്തിലേക്ക് എത്തിക്കാനുള്ള എല്ലാ ആശംസകളും പ്രോൽസാഹനവും നേർന്ന് കൊള്ളുന്നു.

**ഹെഡ് മാസ്റ്റർ**
**ജോൺസൺ റ്റി.ജെ**

# ഉള്ളടക്കം

*1 അഗ്നിജ്വാലകൾ*

*2 സൈബർ ലോകവും മലയാളിയും*

*3 13 IT WAS A WARM AFTER NOON*

*4 എന്താണ നൊമ്പരം*

*5 DRAWINGS*

*6 സിദ്ധാർഥ്*

*7 പ്രകൃതി*

*8 DREAMS*

*9 മഴപ്പെയ്ത്ത്*

*10 എന്റെ വിദ്യാലയം*

*11 മഴവില്ല്*

*12 തിരമാലകൾ*

*13 PHOTO GALLARY*

# താളുകൾക്ക് പിന്നിൽ

ചീഫ് എഡിറ്റർ:അർജ്ജുൻ മനോഹരൻ

ചാരുദത്ത്

ജിനമോൾ കെ.ജെ

വൃന്ദ എം.യു

അമല ലാലു

മരിയനിമ്മി കെ.ജെ

ട്രീസ ജീവ

അജിനമോൾ

സാറ

സുമയ അൻസൻ

മാർത്ത

# അഗ്നിജ്വാലകൾ



നോവുള്ളരാത്രികൾ കടന്നുപോയി
കണ്ണീർപ്പൂക്കൾ വിരിയുന്നു.
എരിയുന്ന മനസിന്റെ തീജ്വാലയായ്
അഗ്നിതൻ ജ്വലകൾ അമരുന്നു.
മനസിന്റെ നൊമ്പരം ഉണർത്തുന്ന
കണ്ണീർ അണപ്പൊട്ടി ഒഴുകുന്നു.
ഹ്രദയത്തിൻ അടിത്തട്ടിൽ നിന്നുയരുന്ന
വേതനകൾ ഒരരുവിയായ് ഒഴുകുന്നു.
മനസിനെ കീറിമുറിച്ച ഒരോർമതൻ
ഭാണ്ഡവുമായ് ഞാൻ നീങ്ങുന്നു
ഹ്ദയമേ നീ മറക്കുക
ഈ കണ്ണീർത്തുള്ളികൾ മറക്കുക.
മരണമേ നീ വിളിക്കുക



ഈ മനസ്സിനെ ശമിപ്പിക്കുക.
ഒരു നെരിപ്പോടെന്റെ വേദന
ഇന്നിതാ.....നീ ശമിപ്പിക്കുക.
മരണമേ നിൻമടിയിൽ ഞാൻ
വീണുറങ്ങട്ടെ അതിലെന്റെ ജ്വലകൾ
എരിയട്ടെ.....വിളങ്ങട്ടെ.....
അതിലെന്റെ നൊമ്പരം ഉരുകട്ടെ

*മാരി രമേശൻ*
***10 A***




# സൈബർ ലോകവും മലയാളിയും

വാർത്താവിനിമയത്തിനു മാത്രമായാണ് ആദ്യമായി ഫോൺ ഉപയോഗിച്ചിരുന്നത്.പണ്ടൊക്കെ കത്തുകളെഴുതിയായിരുന്നു ദൂരെയുള്ള ബന്ധുക്കളെയോ സുഹൃത്തുക്കളെയോ പ്രധാനപ്പെട്ട കാര്യങ്ങൾ അറിയിച്ചിരുന്നത്. ടെലിഫോൺ വന്നതോടെ കത്തുകളെഴുതുക എന്ന സംസ്കാരം തന്നെ കേരളത്തിൽനിന്നും തുടച്ചുമാറ്റപ്പെട്ടു.കത്ത് എന്നത് വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിൽ മാത്രമായി ഒതുങ്ങി.

വമ്പൻ കമ്പിനികൾ ലാഭമോഹവുമായി പുതിയ ടെക്നോളജികൾ വിപണിയിൽ എത്തിച്ചു." ഇൻറ്റർനെറ്റ്" വന്നതോടെ മലയാളികളുടെ ദിനകൃത്യങ്ങളിൽ ഒന്നായി ഫോൺ ഉപയോഗം.ഫേസ്ബുക്ക്, വാട്ട്സ്സപ്പ്, യൂറ്റൂബ്, ഗൂഗിൾ, റ്റ്യൂറ്റർ എന്നിങ്ങനെ പലതരം സാമൂഹ്യമാധ്യമങ്ങൾ വന്നു.സൈബർ ലോകത്തിനടിമയായ ഒരു യുവതലമുറയാണ് കേരളം വാർത്തെടുത്തുകൊണ്ടിരിക്കുന്നത്.

കേരളത്തിന്റെ സംസ്കാരം തന്നെ ഇതുകൊണ്ട് ആഘോഷങ്ങളായ ഓണം, വിഷു, ക്രിസ്മസ് ഇവയെല്ലാം ഫോണിൽ സെൽഫി എടുത്തു പോസ്റ്റുചെയ്യുന്നതിൽ മാത്രമായി ഒതുങ്ങി.പണ്ട് കുടുംബത്തിലെ എല്ലാവരും കൂടി ചേർന്ന് ആഘോഷിച്ചിരുന്ന ഇവയെല്ലാം സൈബർ ലോകത്തിനകത്ത് കുരുങ്ങി. സെൽഫി എടുക്കുക എന്ന പുതിയ സംസ്കാരം കേരളത്തിലുണ്ടായി. പാലത്തിന്റെ

മേളിലും തീവണ്ടി വരുമ്പോഴും അങ്ങനെ പലതരം.ഇതെല്ലാം കൊണ്ട് ലക്ഷക്കണക്കിനു ജീവനുകൾ പൊലിഞ്ഞുപോയി.സ്വന്തം മുറിയിൽ നിന്നും പുറത്തിറങ്ങാതെ സ്മാർട്ട്ഫോണും ഉപയോഗിക്കുക എന്നതായി കേരളത്തിലെ ജനങ്ങളുടെ ശീലം.അതുമൂലം ലക്ഷക്കണക്കിന് ആളുകൾക്ക് കണ്ണിനു ക്യാൻസർ എന്ന പല രോഗങ്ങളും പിടിപ്പെട്ടു.ഇന്റർനെറ്റിന്റെ വലയിൽ കേരളം കുടുങ്ങി. ബ്ളൂവെയിൽ എന്ന കളി വന്നതോടെ സൈബർ കൊലപാതകങ്ങളും ആരംഭിച്ചു.നമ്മുടെ കുട്ടികൾക്ക് ചെറിയ പ്രായത്തിൽ തന്നെ കാൻസറും മറ്റ് അസുഖങ്ങളും വരാൻ കാരണം സ്മാർട്ട് ഫോൺ തന്നെയാണ്.പണ്ട് പറമ്പിലും പാടത്തുമൊക്കെ കളിച്ചുനടന്ന നടന്ന

നമ്മുടെ കുട്ടികളുടെ ബല്ല്യകാലം സ്മാർട്ട് ഫോണുകൾ കവർന്നെടുത്തു. ഇപ്പോഴത്തെ കുട്ടുകളുടെ വിനോദം ഫോണുകളിലെ പലതരം ഗെയിമുകളാണ്.ഇങ്ങനെയുള്ള തലമുറ കേരളത്തിൽ വളർന്നു വന്നാൽ എങ്ങനെയാണ് ഇവിടെ പുരോഗതി ഉണ്ടാവുക.സ്മാർട്ട്ഫോൺ ഒരു കുടുംബത്തിലെ അംഗങ്ങളെ പിരിക്കുന്നു. ആ കുടുംബം കലഹപൂർണ്ണമാകുന്നു.സൈബർ കുറ്റകൃത്യത്തിലൂടെ മലയാളി മാറിക്കൊണ്ടിരിക്കുകയാണ്.

സൈബർ കുറ്റകൃത്യങ്ങളിൽ പലതും വഞ്ചിക്കപ്പെടുന്നവരാണ്. ഇങ്ങനെ പോയാൽ എല്ലാവരുടെയും ജീവിതം

സൈബർ കെണിയിൽ അകപ്പെട്ട് കുരുക്ക് മുറുകി മരണത്തിനിടയാകും. അതിനാൽ ആരും ഈ കെണിയിൽ അകപ്പെടാതെയും സൈബർ കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കുക.അത് വ്യക്തിജീവിതത്തിൽ പുരോഗതി കൈവരിക്കുന്നതിന് കാരണമാകും എന്ന്



ചിന്തിക്കുന്നവർ ആരും ഇതിന് മുതിരില്ല.....

***അനിത മനോഹരൻ***

***10 E***

## IT WAS A WARM AFTERNOON, RAGHU WAS WATCHING T.V SUDDENLY HE HEARED PEOPLES SHOUTING OUTSIDE



It was an afternoon Raghu came back to the home after the football playing . He was very tired ,so, he was taking rest while watching T.V suddenly he heard peoples shouting outside. Raghu was scared on that moment. Why there peoples are making there noise and also he got angry for that because he was very tired on that time. However he thinks that I must go and check what's happening there and when he came out, he was very surprised and wandered for this birthday celebration and he reminded that today was his birthday. But on the same time he was very sad to remember about his parents. Raghu was living in a village in between so many lovable peoples. Before a few years,there was a landlord,because he was very cruel in the villagers. The landlord which named 'Raghav' he was cruel interfered in the properties of that villagers. And he ordered to leave the village. The everyone will obey my orders and all the villagers will respect me on every night this lady will go for by vegetable and

Raghav known that this lady will go to the shop in the night he decide kill lady and on way for shop raghav cavernously kill that lady without any evidence but the villagers know that raghav must



villages what will that village do because that villagers loved raghav so much and they give love and care as his parent graved and they donts remembered raghav about his parents ever came dream and he cut the cake and enjoyed party villagers don’t know that raghu was searching better day for revenge

Raghus story was continued............

***ADITHYA SUSEELAN***

10 A

# എന്താണ്         നൊമ്പരം



താതനില്ല  ജനനിയില്ല
ഈ  ഭ്രവിൻ വെരുമൊരെകയാണഞാൻ
ഏകയായി മോക്ഷാർഥിയാമിയെൻെറ
നൊമ്പരമെന്തെന്നിനിക്കറിയില്ല

തെരുവുഥിലരികിലൊരു
ഭിക്ഷുവയി ജീവനാർഥിക്കുമാ
പിഞ്ചു കുഞ്ഞിൻെറ ഹൃദ്ദിലെരിയുന്ന
നൊമ്പരമെന്തെന്നിനിക്കറിയില്ല

ആയിരം




കണ്ണുകൾനൊക്കിൽമ്പോഴും
മാനത്തിനായി  കേണപക്ഷിക്കുമീ
തന്ദിതൻ ജീവൻെറ
നൊമ്പരമെന്തന്നിനിക്കറിയില്ല


അതു മനസ്സിൻെറ തീജ്വാലകളായി
പരിവർത്തിക്കും
ഹൃദയത്തെ എരിച്ചില്ലതാക്കും


എന്താണി നൊമ്പരം......?

നൊമ്പരം എന്തെന്ന ഞാൻ അറിയുതന്ന
എങ്കിലും എനിക്കെണ്ണു നൊമ്പരം
ഏകയാണെന്നതെൻ നൊമ്പരമല്ല
ഏകയാണെന്നതൊരു നൊമ്പരമല്ല
വെറു വിദ്വേഷമാണൊയെൻ നൊമ്പരം
അതൊ  അസഹിഷ്ണുതയൊ ......?

***അനിത മനോഹരൻ***


LINTALLINTA





# സിദ്ധാർഥ്



ആർത്തിരമ്പുന്ന തിരമാലകളെ നോക്കി അയാൾ
അങ്ങോട്ടും ഇങ്ങോട്ടും നടന്നു എന്തിനാണ് എന്നെ
വിളിച്ചത് എന്നിനിക്ക് അറിയില്ല  എക്സ്ക്യൂസ് മീ
, നിങ്ങളെന്തിനാണ്  എന്നോട് വരാൻ പറഞ്ഞത്
? ഞാൻ ചോദിച്ചു ഒരു നിമിഷത്തിനു ശേഷം    ഞാൻ പറയാം
നിങ്ങളിരിക്ക് അയാൾ പറഞ്ഞു ഞങ്ങൾ ആ മണ്ണിൽ ഇരുന്നു
ഇന്നലകളുടെ ഓർമ്മകൾക്ക് ഒരായുസ്സിന്റെ വേദനയുണ്ട് എങ്കിലും
എനിക്ക്

അത് മോനോട് പറയണം. അങ്ങനെ അയാൾ

പറഞ്ഞുതുടങ്ങി. എല്ലാം ഞാനിരുന്നു കേട്ടു.

പറഞ്ഞവസാനിപ്പിച്ച് അയാൾ എഴുന്നേറ്റ് പോയി. ഞാൻ ഒരു വലിയ
സത്യമറഞ്ഞതിന്റെ

ആഘ്ലാതത്തിൽ അവിടെയിരുന്നു പോയി.
അയാൾ പറഞ്ഞത് എന്റെ മനസിനെ കത്തിച്ചു



കൊണ്ടിരിക്കുന്നു. ഏട്ടൻ വന്ന ശബ്ദം കേട്ടു. ഏട്ടനോടുള്ള എന്റെ അമിതമായ സ്നേഹം എത്ര

അർത്ഥശൂന്യമായിരുന്നു എനിക്ക് ബോധ്യമായിരുന്നു. പതിവുപോലെ

എന്നെ അത്താഴം കഴിക്കാൻ വിളിച്ചു. ഞാൻ ചെന്നില്ല.
ചെന്നാൽ ഞാൻ എന്തെങ്കിലും കടുപ്പമായി

പറയുമോ എന്നെനിക്ക് ഭയമായിരുന്നു.

ഏട്ടൻ റൂമിലേക്ക് വന്നു. ഞാനെല്ലാം ഏട്ടനോട്

വെട്ടിതുറന്ന് ചോദിച്ചു. ഏട്ടന്റെ ശരിയായ മുഖം ഞാനന്ന് കണ്ടു. രാവിലെ കോളെജിൽ വന്നതും ഹൃദ എന്നോട് ഒറ്റയ്ക്ക് സംസാരിക്കണമെന്ന്

പറഞ്ഞ് കോഫിഷോപ്പിലേക്ക് വിളിച്ചു സിദ്ധു, എന്താണ് അയാളിനോട്

പറഞ്ഞത് അവൾ ചോദിച്ചു. ഞാൻ പറഞ്ഞു തുടങ്ങി. അതിനുമുമ്പ് ഞാൻ

പ്രിയയെ കുറിച്ച് ഓർത്തു." ക്യമറമാൻ പ്രശാന്തിനോടൊപ്പം സിദ്ധാർഥ"

ഞങ്ങളുടെ ജോലി കഴിഞ്ഞു ഞാൻ ആ ക്ഷേത്രം മുഴുവൻ

ചുറ്റിനടന്നു ഒരുപാടുപേരെ കണ്ടു. അതിലൊരാളാണ് കുഞ്ഞുമണിയമ്മ.

കുഞ്ഞുമണിയമ്മയ്ക്ക് ഏഴുമക്കളുണ്ട്. അവരെല്ലാം കൂടി അമ്മയെ ഇവിടെ

*ഉപേക്ഷിച്ചിട്ട് രണ്ട് വർഷമായ്. കുഞ്ഞുമണിയമ്മയെ പോലെ അമ്പതിലതികം ആളുകൾ ഇവിടെയുണ്ട്. ചിലരപ്പോഴും മക്കൾവരും എന്ന പ്രതീക്ഷയിലാണ്. പിന്നൊന്ന് അമ്മുക്കുട്ടി. അമ്മുക്കുട്ടിയെ അവളുടെ വീട്ടുകാർച്ചേർന്ന് ഇവിടെ ഉപേക്ഷിച്ചു. അവൾക്ക് ഏയ്സ് എന്ന രോഗമുണ്ടായിരുന്നു എന്നറിഞ്ഞപ്പോൾ അവൾക്ക് അച്ഛനും അമ്മയും ഇല്ല. എന്നാൽ ബാക്കി എല്ലാവരുമുണ്ട്. എട്ടുവയസ്സുള്ള അമ്മുകുട്ടിയെ ഞാൻ അനാഥമന്ദിരത്തിലാക്കി.*

*തിരികെ നാട്ടിലെത്തിയപ്പോൾ ഞാനാദ്യം പോയത് ആ കടൽത്തീരത്താണ്. എന്റെ ജീവിതം ഒരു കഥയല്ല. എന്നാൽ ഒരു പാഠപുസ്തകമാണ്. ഈ കടൽതിരമാലകൾ കാണുമ്പോൾ അതെന്റെ, അല്ല എല്ലാവരുടേയും ജീവിതമാണെന്ന് തോന്നിയപ്പോഴേക്കും ഏറ്റവും, പ്രക്ഷുബ്ധമായ സന്ദർഭങ്ങളും, അവസാനവും......!*

*അന്നയാൾ എന്തിനായാണ് ഈ തിരയെനോക്കി നിന്നതെന്ന് എന്ക്ക് മനസിലായ്. ജീവിതമെന്തെന്ന് മനസിലായ ദിവസം. ആർത്തിരമ്പുന്ന ആ തിരമാലകളെ നോക്കി ഞാൻ അങ്ങോട്ടും ഇങ്ങോട്ടും നടന്നു.*

*മാരി രമേശൻ*
*10 A*

# പ്രകൃതി



അമ്മയാം പ്രകൃതിയെ എങ്ങനെ സ്നേഹിപ്പത്
ഉണ്ണിയാം നമ്മൾതൻ കടമയല്ലോ
പ്രകൃതിതൻ സൗന്ദര്യത്തിൽ ആർത്തുലസിച്ചീടുന്നു
കുയിലുകൾ മന്ദമായി പാട്ടിരമ്പീടുന്നു
മയിലുകൾ പീലിവിടർത്തി
നൃത്തനംചെയ്തീടുന്നു

പ്രകൃതിതൻ സൗന്ദര്യത്തിൽ
ജീവജാലങ്ങളെല്ലാം
ആനന്ദഭരിതരാകുന്നു
അമ്മയാം പ്രകൃതിയെ
വരുംമക്കൾക്ക് കാത്ത്സൂക്ഷിക്കേണ്ടത്
നമ്മൾതൻ കടമയാണ്............



മരിയ നിമ്മി
9E



# DREAMS

The night was so beautiful
it take me to a dream full place
The star that twinkle in my dream
when I sleep at night
Lovely things that I see in my dreams
take me to a lucky sleep
Dream full night that come my sleep
give me that a dream full night
There i see that a black sea with
thousands of white ships............



**Thresia Geeva George**
**9 C**

# മഴപ്പെയ്ത്ത്



മഴ തോർന്നു. കുട്ടൻ ഭാര്യ ശാരതയോട് പറഞ്ഞു എടി എന്തെങ്കിലും ഒരു കോളുകിട്ടുകയാണെങ്കിൽ ഞാൻ പോകും. മഴ ഇങ്ങനെ നിൽക്കാതെ പെയ്താൽ എങ്ങനെ പോവാന. ഭാര്യ ചോദിച്ചു. അതു പറഞ്ഞിട്ട് കാര്യമില്ല.എത്ര നാളായ്. കൈയിലാണെങ്കിൽ കാശുമില്ല, മക്കളുടെ സ്കൂളിൽ നാളെയല്ലെ കാശടക്കേണ്ടത്. കുട്ടൻ ഒരു മത്സ്യതൊഴിലാളിയാണ്. അവരുടെ മക്കൾ സ്കൂളിൽ പഠിക്കുന്നു. മൂത്തക്കുട്ടി പത്താം ക്ലാസിലും ഇളയക്കുട്ടി എട്ടാം ക്ലാസിലുമാണ്.കുട്ടന് ഒരു അമ്മയുണ്ട് കിടപ്പിലാണ്. അച്ഛൻ മരിച്ചുപോയി. അവർ അഞ്ചുപേരടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് കുട്ടന്റേത്. കനത്ത മഴയായതുകൊണ്ട് കുട്ടന് പണിയൊന്നുംമില്ല.ഇത്തവണ മഴ കനത്തുപെയ്തുകയറും എന്നാണ് വാർത്ത. മഴയായതുകൊണ്ട് എല്ലാ വള്ളങ്ങളും ബോട്ട്കളും കരയ്ക്കടുപ്പിച്ചു.



ഇനിയും രണ്ടാഴ്ച്ച്ത്തേക്ക് മഴ നീണ്ടുനിൽക്കുമെന്നാണ് കേട്ടത്. ദാരിദ്ര്യം ആയതുകൊണ്ട് മക്കളെ സഹോദരിയുടെ വീട്ടിലേക്ക് കൊണ്ടുപോയി.എന്തു ചെയ്യണമെന്നറിയാതെ തിരമാലകളെ നോക്കിക്കൊണ്ട് അയാൾ നടന്നു.ഓരോ ദിവസവും മഴ കൂടി കൂടി വരുന്നു. ചേച്ചിയുടെ വീട് പാലക്കാടാണ്, അവിടെ മഴ പെയ്ത് വെള്ളമേറി ഉരുൾപ്പൊട്ടലൊക്കെ ഉണ്ടായതുകൊണ്ട് മക്കളെ തിരിച്ച വീട്ടിലേക്കു തന്നെ കൊണ്ടുപോന്നു.
മഴ പെയ്ത് ഡാമിലോക്കെ വെള്ളം
നിറഞ്ഞതുക്കൊണ്ട്  ഡാമുകൾ തുറക്കുവാൻ
പോവുകയാണ്.ഇങ്ങനെ മഴ പെയ്താൽ എന്തു ചെയ്യും.ആ കുടുംബം കഴിഞ്ഞുപോകണമെങ്കിൽ കുട്ടൻ കടലിൽ പോയി മീൻ പിടിച്ച് കാശുണ്ടാക്കണം. കടലാണെങ്കിൽ
അതിശക്തമായി തിരയടിക്കുന്നു. ആർത്തിരമ്പുന്ന തിരമാലകളെ നോക്കി അയാൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. കുട്ടന് എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അയാൾ അത് കടലമ്മയോട്

പറയുന്നതാണ് പതിവ്.പക്ഷേ ഇപ്പോൾ കടലമ്മ വലിയ ദേഷ്യത്തിലാണ്. വൈകാതെ തന്നെ കുട്ടന്റെ വീട്ടിലും വെള്ളം കയറാൻ തുടങ്ങി. ശാരതയും കുട്ടനും അമ്മയെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്താൻ നോക്കി പക്ഷെ മഴ വെള്ളപ്പാച്ചിൽ കുട്ടന്റെ അമ്മയുടെ ജീവൻ കൊണ്ടുപോയി.

കുറേനേരം ജനലിൽത്തൂങ്ങിനിന്ന്

മക്കൾ തളർന്നു കുഴഞ്ഞുവീണു. ഭാര്യയും തളർന്നുവീണു.എല്ലാവരും വെള്ളത്തിൽ മരിച്ചു കിടന്നു. രക്ഷപ്പെടുത്താൻ ആരും വന്നില്ല. കുറേനേരം കഴിഞ്ഞ് ഒരു വള്ളത്തിൽ കുറെ പേർ കുട്ടനെ രക്ഷപ്പെടുത്തി. കുട്ടനെ തനിച്ചാക്കി

എല്ലാവരും പോയി. കുട്ടന് ഒന്നു പൊട്ടിക്കരയണമെന്നുണ്ട് പക്ഷെ ഒന്നും ചെയ്യാനാകാതെ അയാൾ

മരവിച്ചു നിന്നുപോയി.......

അനഘ അനിൽ

10 A

# എന്റെ വിദ്യാലയം



ലോകത്തിലെ ഏതൊരു കുട്ടിയോടു ചോദിച്ചാലും ഏറ്റവും നല്ല അനുഭവങ്ങൾ തരുന്നത്, നമ്മുടെ സ്കൂൾ ജീവിതമായിരിക്കും . സ്കൂളിനെക്കുറിച്ച് പറയുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞുവരുന്നത് സെന്റ് റാഫേൽസ് സ്കൂളിൽ ആദ്യമായി എത്തിയ ദിവസമാണ് അന്ന് തലേന്ന് രാത്രി എനിക്ക് ഉറങ്ങാനേ



കഴിഞ്ഞില്ല.കാരണം, എന്റെ മനസ്സിൽ മുഴുവൻ പഴയ സ്കൂളിന്റെ ഓർമ്മകളായിരുന്നു. പിറ്റേ ദിവസം ഞാൻ പ്രതീക്ഷിച്ചതിന് വിപരീതമായി  ആണ് സംഭവിച്ചത്.

എനിക്ക് പുതിയ  കൂട്ടുകാരേയും നല്ല ടീച്ചർമാരേയും ആ ദിവസം സമ്മാനിച്ചു.അങ്ങനെ ഒരു അദ്ധ്യായന  വർഷം  ഞാൻ പിന്നിട്ടു .ഒൻപതാം ക്ലാസിന്റെ



പഠനതിരക്കിൽ  ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി ക്ലബിൽ ചേർന്നു. അത് എനിക്ക് ഒരു പുതിയ ലോകമായിരുന്നു. കംമ്പ്യൂട്ടർ എന്ന മായാജാലത്തെ പരിചയപ്പെട്ടു, ഇണങ്ങി. ഇപ്പോൾ പുതുവഴികളിലേക്ക് കയറി പുത്തൻ അറിവുകൾ മനസ്സിലാക്കുന്നു, കൂടെ ടീച്ചർമാരുമുണ്ട്  സഹായത്തിന്.....

*ജിനമോൾ  കെ.ജെ*

***9E***

# മഴവില്ല്

മാനത്തെ സൗന്ദര്യ ചിത്രമാം മഴവില്ല്
നന്മതൻ വെളിച്ചമാം മഴവില്ല്
കണ്ണിൽ കുളിർമ്മ നൽകും മഴവില്ല്

കരിമുകിൽ മാറ്റി മാനത്താകെ പടർന്നുകിടക്കും
മഴവില്ല് ...... മഴവില്ല് ......
ഏഴു നിറങ്ങളാൽ വസന്തരാവ് ചൊരയും
മഴവില്ല്.......മഴവില്ല്.......
ആകാശത്തേരിൽ വന്നിറങ്ങും
മഴവില്ല്.......മഴവില്ല്.......

മാനത്തൊന്നു നന്നാൽ
എന്തൊരു ഭംഗി...
മേഘങ്ങൾക്കിയിലൊരു ഏഴുനിറങ്ങൾ
ചായും മഴവില്ല്......

സൗന്ദര്യ പൂർണ്ണമാം മഴവില്ല്
ഒന്ന് കാണേണ്ടതുതന്ന
പൂക്കളും മൃഗങ്ങളും മനുഷ്യരും
മഴവില്ലേ ഒന്ന് താഴെ വരു.......

ഇളം പുഞ്ചിരിയാൽ നിൽക്കും
മഴവിൽ.......
ദൈവ സ്പർശനത്ത്ൽ നിർമിതമാം
മഴവില്ല്...

പൂക്കൾക്കിടയിൽ വസന്തം ചൊരിയും
മഴവില്ല്.......
പച്ചാമലമഞ്ഞാനീലാ ഏറേ ഏറേ
നിറങ്ങൾ നൽകും മഴവില്ല്.........
താഴേ വരും ഒന്ന് താഴെ വരും
മഴവില്ല്......



*ജിനുമോൾ കെ.ജെ*

**9E**

# തിരമാലകൾ



നിറഞ്ഞ കണ്ണുകളുമായി കടൽത്തീരത്ത്.........
ആർത്തിരമ്പുന്ന തിരമാലകളെ
നോക്കി അയാൾ അങ്ങോട്ടും
ഇങ്ങോട്ടും നടന്നു..............

പുഞ്ചവയൽ പാടത്ത് വിളവെടുപ്പ് കാലമാണ്........
സൂര്യൻെറ കിരണങ്ങൾ പതിഞ്ഞ വയലേലകൾ ആർത്തുല്ലസിച്ച് പാട്ടുപാടുന്ന കുയിൽക്കൂട്ടങ്ങൾ.എങ്ങും ഒരു മനോഹാരിത.അതിരാവിലെ തന്നെ എഴുന്നേറ്റ് വേലായുധൻ പാടത്ത്പണിക്കിറങ്ങി. അയാൾ ഇന്ന് പതിവില്ലാത്ത സന്തോഷത്തിലാണ്.പണിക്ക് പോകുന്നതിനിടയിൽ അയാൽക്കാരനായ മാർക്കോസ് ചോദിച്ചു."എന്താ വേലായുധാ ഇന്ന് ഭയങ്കര സന്തോഷത്തിലാണലോ?" വേലായുധൻ പറഞ്ഞു. "അതെ മാർക്കോസേ ഇന്നാണ് എൻെറ മോൻ പട്ടണത്തിൽ നിന്ന് വരുന്നത്,അവൻെറ കൂടെ ൻെറ പേരക്കുട്ടിയും ഉണ്ടാവും...."

പാടത്ത് പണി ചെയ്യുമ്പോഴും വേലായുധൻെറ മനസ്സിൽ തൻെറ പേരക്കുട്ടിയും മകനും മകളും ഒക്കെ വരുന്നതിൻെറ ആഹ്ലാദമായിരുന്നു. അയാൾ പാടത്തെ പണിയൊക്കെ വേഗം ഒതുക്കി വീട്ടിലേക്ക് നടന്നു. വീട്ടിലേക്ക് ഭാര്യയായ കണ്ണമ്മയോട് പറഞ്ഞു. "എടീ ഇന്നലേ നമ്മുടെ മോനൊക്കെ വരുന്നത് അവർക്ക് നല്ല ഭക്ഷണം തന്നെ ഒരുക്കണം കേട്ടോ........"
ഹൊ....അതൊക്കെ എനിക്ക് അറിയാം. നിങ്ങള് വേഗം പോയി കുളിക്ക്......... വേലായുധൻ കുളിയും കഴിഞ്ഞ് വരാന്തയിൽ ഇരുന്ന് ചായക്കുടിച്ചു........
അപ്പോളതാ മാർക്കോസ് വിളിച്ച് പറയുന്നു.ദേ വേലായുധാ നിൻെറ മോനും മരുമകളും വരുന്നു. അയാൾ പാതി കുടിച്ച ചായ അവിടെ ബച്ച് ഉമ്മറത്തേക്ക് ഇറങ്ങി ...ഒരു വെളുത്ത കാറ് തൻെറ വീടിൻെറ ഉമ്മറത്തേക്ക് കയറി വന്നു.കാറിനുള്ളിൽ

നിന്നു മുത്തച്ഛാ.... എന്നൊക്കെ വിളിച്ചു കൊണ്ടു പേരക്കുട്ടിയായ ഉണ്ണിക്കുട്ടൻ ഇറങ്ങി.തന്നെ വന്ന് കെട്ടിപ്പിടിച്ചു.അയാൾ അവനെ വാരിപുണർന്ന് കുഞ്ഞി കവിളിൽഉമ്മകൊടുത്തു. വൈകുന്നേരം ആയപ്പോൾ മക്കളോടും ഭാര്യയോടും യാത്രപറഞ്ഞ് ആ വൃദ്ധനും പേരക്കുട്ടിയും തൻെറ സൈക്കിളിന് കടൽ കാണാൻ യാത്ര തിരിച്ചു.

പലതരത്തിലുള്ള തെരുവുവിളക്കുകൾ പല നിറത്തിലു



ള്ള പക്ഷികൾ അങ്ങനെ പലതും ഉണ്ണിക്കുട്ടൻ സൈക്കിളിൻെറ മുൻപിൽ ഇരുന്ന് കണ്ടു. കടൽത്തിരത്തിൻെറ ഒരു വശത്ത് സൈക്കിൾ വെച്ച് വേലായുധൻെറ കൈയ്യിൽ താങ്ങി ഉണ്ണി കടൽത്തീരത്തുക്കൂടി നടന്നു,കളിച്ചു,കുസൃതി കാണിച്ചു.

തനിക്ക് ഒരു പട്ടം വേണമെന്ന് ഉണ്ണി ആഗ്രഹിച്ചു.പട്ടം വാങ്ങാനായി ഉണ്ണിക്കുട്ടൻ നിർബന്ധം പിടിച്ചു. വേലായുധൻ പട്ടം വാങ്ങാനായി പോയി..... ഉണ്ണി തൻെറ പുറകിലുണ്ട് എന്നായിരുന്നു ആ വൃദ്ധൻെറ വിശ്വാസം ......പക്ഷേ വേലായുധൻ പോയപ്പോൾ ഉണ്ണിക്കുട്ടൻ പതിയെ കടലിലെക്ക് ഇറങ്ങി. വേലായുധൻ പട്ടം വാങ്ങാൻ പുറകോട്ട് നോക്കും നേരം ഉണ്ണിയെ കണ്ടില്ല. "ൻെറ മോനെ " എന്നൊക്കെ വിളിച്ച് കടൽ തീരത്തേക്ക് ഓടി. അപ്പോൾ അവിടെ ഒരു ആൾക്കൂട്ടം . വേലായുധൻ ഓടി ആൾക്കൂട്ടത്തിനിടയിലേക്കിറങ്ങി. രണ്ടാളുകൾ തമ്മിൽ പറയുന്നത് അയാൾ കേട്ടു. “ ഒരു കുട്ടി ഇവിട

നിൽക്കുന്നത് കണ്ടു, കുറച്ച് കഴിഞ്ഞപ്പോൾ ആ കുട്ടി ദൂരത്തേക്ക് പോകുന്നതായി കണ്ടു.” വേലായുധൻെറ നെഞ്ചോന്ന് കലങ്ങി. തൻെറ ഉണ്ണിക്കുട്ടനാണോ. അയാൾ ഉണ്ണിയെ എന്ന് വിളിച്ചുകൊണ്ട് ആ കടൽത്തീരം മുഴുവനും തിരഞ്ഞു. ഉണ്ണിയെ കടൽ

കൊണ്ടുപോയി.കടൽ കണ്ട് തൻെറ പേരക്കുട്ടി അതിലേക്ക് പോയി....മുത്തച്ഛാ എന്ന ഉണ്ണിക്കുട്ടൻെറ
നിലവിളി........................
അയാളുടെ കാതുകളിൽ മുഴങ്ങി....ആർത്തിരമ്പുന്ന തിരമാലകളെ നോക്കി അയാൾ ഇങ്ങോട്ടും എന്തുചെയ്യണമെന്നറിയാതെ നടന്നു.............

***വൈഷ്ണവി മണി***
***10 c***





# *PHOTO GALLARY*

# *WE ARE LITTLE STAR'S*





***എല്ലാവർക്കും നന്ദി***

***നന്ദി ................***